പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 238 15-07-2016-ൽ മറുപടിക്ക്

## കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയെ ശക്തിപ്പെടുത്താൻ നടപടികൾ

**ചോദ്യം**
ശ്രീ.എ.എൻ.ഷംസീർ
ശ്രീ. എ.പ്രദീപ്കുമാർ
ശ്രീ. ഐ.ബി.സതീഷ്
ശ്രീമതി യു.പ്രതിഭാ ഹരി

**ഉത്തരം**
ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും, നിയമവും, സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | പൊതുജനങ്ങൾക്ക് സൗജന്യമായി നിയമസഹായം നൽകുന്ന കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയേയും വിവിധ തലങ്ങളിലുള്ള സ്ഥാപനങ്ങളേയും ശക്തിപ്പെടുത്തുവാൻ കൂടുതൽ സാമ്പത്തിക സഹായം നൽകുകയും മെച്ചപ്പെട്ട ആന്തരഘടന ലഭ്യമാക്കേണ്ടതും കൂടുതൽ ജീവനക്കാരെ വിന്യസിക്കേണ്ടതും, വിവിധ വകുപ്പുകളുടെ സഹകരണവും, കെൽസയുമായുള്ള എകോപനവും ഉറപ്പുവരുത്തേണ്ടതുണ്ട്. |
| (ബി) | നിലവിൽ എന്തെല്ലാം നിയമസഹായങ്ങളാണ് 'കെൽസ' യിൽ നിന്നും ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | കോടതിയിൽ നിലനിൽക്കുന്നതും കോടതിയിൽ വരാവുന്നതുമായ, നിയമപരമായി ഒത്തുതീർപ്പാക്കാവുന്ന എല്ലാ തർക്കങ്ങളും അദാലത്തുകളിലൂടെ ഒത്തുതീർപ്പാക്കുക, കോടതികളിൽ നിലനിൽക്കുന്ന നിയമപരമായി ഒത്തുതീർപ്പാക്കാൻ സാധിക്കുന്ന കേസുകളിൽ മീഡിയേറ്റർമാരുടെ സഹായത്തോടെ കക്ഷികൾ തമ്മിൽ കേസുകൾ ഒത്തുതീർപ്പാക്കുവാൻ വേണ്ട ശ്രമം നടത്തുക, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട |

| | | |
|---|---|---|
| | | വിഭാഗങ്ങൾക്ക് നിയമ അവബോധം നൽകുക, ദേശീയ നിയമ സേവന അതോറിറ്റി (NALSA) സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് നിയമ സഹായത്തിനുവേണ്ടി രൂപകൽപ്പന ചെയ്ത വിവിധ പദ്ധതികൾ നടപ്പിലാക്കുക, താഴെ കൊടുത്തിരിക്കുന്ന വിഭാഗങ്ങൾക്ക് കോടതികളിൽ കേസ് നടത്തുന്നതിനായി സൗജന്യമായി അഭിഭാഷകരുടെ സേവനം ലഭ്യമാക്കുക തുടങ്ങിയവയാണ്.<br>1. സ്ത്രീകൾ<br>2. കുട്ടികൾ<br>3. പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ<br>4. പ്രകൃതിക്ഷോഭത്തിനോ, വംശീയ അതിക്രമത്തിനോ ഇരയായവർ<br>5. വ്യവസായ തൊഴിലാളികൾ<br>6. കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ<br>7. വികലാംഗർ<br>8. നിർബന്ധിത വേലക്ക് വിധേയരാക്കപ്പെട്ടവർ;<br>എന്നിവർക്ക് വരുമാന പരിധി ഇല്ലാതെയും<br>9. മറ്റുള്ളവർക്ക് 1,00,000 രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും സൗജന്യ നിയമ സഹായം ലഭിക്കും. |
| (സി) | 'കെൽസ'യെ നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി (നൽസ)യുടെ നാഷണൽ പ്ലാൻ ഓഫ് ആക്ഷന്റെ മാതൃകയിൽ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നാഷണൽ പ്ലാൻ ഓഫ് ആക്ഷനിലെ നിർദ്ദേശങ്ങൾക്കനുസൃതമായാണ് സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി പ്രവർത്തിക്കുന്നത്. കൂടാതെ നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി 2015-ൽ, സമൂഹത്തിലെ വിവിധ |

| | | |
|---|---|---|
| | | പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കായി തയ്യാറാക്കിയ 7 പുതിയ പദ്ധതികൾ, ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തിനും മേൽ നടപടികൾക്കുമായി കൊടുത്തിട്ടുണ്ട്. |

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**